21/12/21

22/11/21


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:-sic.ker@nic.in


**ഹർജി നമ്പർ CP.No.581(5)/18/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.7273 /SIC-G7/2018**

ഉത്തരവ് തീയതി : 22.11.2021

**സന്നിഹിത**

**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാനവിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. രാമചന്ദ്രൻ നായർ,<br>ആമ്പടി പുരയിടം,<br>പുഞ്ചവയൽ പി.ഒ,<br>കാഞ്ഞിരപ്പള്ളി, കോട്ടയം– 686 513. | പരാതിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഇൻസ്പെക്ടർ ഓഫ് പോലീസ്,<br>മണിമല പോലീസ് സ്റ്റേഷൻ. | എതിർകക്ഷി |

## ഉത്തരവ്

1. പരാതിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് 27.03.2018 ലെ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, 2017–2018 ലും 2018–19 ലും മഞ്ഞാക്കൽ വീട്ടിൽ ദീപു മാത്യൂ എത്ര പരാതികൾ നൽകി, ഈ പരാതി ഓരോന്നിനും നാളിതു വരെ എന്ത് നടപടി തീരുമാനം എടുത്തു, കാഞ്ഞിരപ്പള്ളി മജിസ്ട്രേറ്റ് കോടതിയിൽ നിന്നും ദീപുമാത്യൂ എത്ര സി.എം.പികൾ ഫയൽ ചെയ്തു ടി സ്റ്റേഷനിൽ എത്തിച്ചിട്ടുണ്ട് എന്നിങ്ങനെയുള്ള 21 വിവരങ്ങളാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ നൽകിയ പരാതി 12.07.2018 തീയതി കമ്മീഷൻ ഫയലിൽ സ്വീകരിച്ചു. 30.07.2021 തീയതി ടെലഫോൺ മുഖാന്തിരം കേൾക്കുകയുണ്ടായി. പരാതിക്കാരൻ ഹാജരായിരുന്നില്ല എതിർകക്ഷി പങ്കെടുത്തിരുന്നു.

3. പരാതിഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 25.04.2018 ന് മറുപടി അയച്ചു നൽകി എന്നും തൃപ്തികരമല്ലാത്ത ചോദ്യങ്ങളിലുള്ള മൊഴി പകർപ്പിന്റെയും മഹസ്സർ പകർപ്പുകളും പകർപ്പ് ഫീസ് അടയ്ക്കുന്ന പക്ഷം നൽകാൻ തയ്യാറാണെന്നും മറ്റ് വിവരങ്ങൾ അപ്പീൽ അപേക്ഷയ്ക്കുള്ള മറുപടിയിൽ നൽകിയിട്ടുണ്ട് എന്നുമാണ് എതിർകക്ഷി അറിയിച്ചിട്ടുള്ളത്.

4. പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും എതിർകക്ഷിയുടെ മൊഴിയും പരിശോധിക്കുമ്പോൾ, പരാതിഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരങ്ങളും പകർപ്പുകളും ലഭ്യമായിട്ടില്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. 27.03.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് 30.05.2018 ൽ ഒരു മറുപടി ലഭ്യമായിട്ടുണ്ട് എന്നും തുടർന്ന് ആവശ്യപ്പെട്ട പ്രകാരമുള്ള പകർപ്പുകൾക്ക് 12.06.2018 ൽ ഫീസ് ഒടുക്കിയ ചെലാൻ അടച്ചിരുന്നു എന്നും 63 ദിവസം കഴിഞ്ഞാണ് മറുപടി ലഭിച്ചത് എന്നുമാണ് കമ്മീഷൻ മുമ്പാകെ നൽകിയ പരാതിയിൽ പരാതി ഹർജിക്കാരൻ അറിയിച്ചത്. എതിർകക്ഷി 25.04.2018 തീയതി അയച്ചു നൽകി എന്ന് അവകാശപ്പെടുന്ന മറുപടിയിൽ തീയതി രേഖപ്പെടുത്താത്ത സാഹചര്യത്തിലും ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കാത്തതിനാലും പരാതിക്കാരന്റെ പരാതി ശരിയാണെന്ന നിഗമനത്തിൽ കമ്മീഷൻ എത്തിച്ചേരുന്നു. കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ടിലും അറിയിക്കുന്നത് തൃപ്തികരമല്ലാത്ത ചോദ്യങ്ങളുടെ പകർപ്പുകൾക്ക് ഫീസ് ഒടുക്കുവാൻ ആണ്. അപേക്ഷകർ ആവശ്യപ്പെടുന്ന വിവരങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ നൽകിയാൽ മാത്രമേ അപേക്ഷകരിൽ നിന്ന് ഫീസ് ഈടാക്കാൻ വ്യവസ്ഥയുള്ളു എന്നും നിശ്ചിത കാലാവധിക്കുശേഷമാണ് വിവരങ്ങൾ നൽകുന്നതെങ്കിൽ അപേക്ഷകന് സൗജന്യമായി നൽകേണ്ടതായിട്ടുണ്ട്. എന്നാൽ ഇപ്പോഴും ഫീസ് ഒടുക്കിയാൽ രേഖകൾ നൽകാൻ തയ്യാറാണ് എന്നാണ് എതിർകക്ഷി അറിയിക്കുന്നത്. എതിർകക്ഷിയുടെ ഈ നടപടി വിവരാവകാശ നിയമത്തോടുള്ള അജ്ഞതയാണ് വെളിവാക്കുന്നത്.

5. പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് അപൂർണമായ വിവരമാണ് നൽകിയിട്ടുള്ളത് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ 27.03.2018 ലെ അപേക്ഷ പരിശോധിച്ചതിൽ 1,5,7,10,15,17,18 എന്നീ ചോദ്യങ്ങൾക്കുള്ള വിവരം/പകർപ്പ് എന്നിവ നൽകേണ്ടതുണ്ട് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. 5,7,15 എന്നിവയിൽ ആവശ്യപ്പെട്ട പകർപ്പുകൾ നൽകാൻ കഴിയും എന്ന് എതിർകക്ഷിയുടെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും

കമ്മീഷന് ബോദ്ധ്യപ്പെട്ടു. **മേൽസാഹചര്യത്തിൽ തൃപ്തികരമല്ലാത്ത ചോദ്യങ്ങൾക്കുള്ള വിവരം /പകർപ്പുകൾ സൗജന്യമായി ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ പരാതി ഹർജിക്കാരന് അയച്ചു നൽകാൻ എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ** നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

6. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്കുള്ള മറുപടി നൽകുമ്പോൾ, അപ്പീൽ അധികാരിയുടെ പേരും മേൽവിലാസം, അപ്പീൽ നൽകേണ്ട കാലാവധി എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കൂറെക്കൂടി ജാഗ്രതപുലർത്തേണ്ടതാണെന്നും എതിർകക്ഷിയെ ഓർമ്മപ്പെടുത്തുന്നു. **ഇപ്രകാരം ഈ പരാതിഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 22 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

gs